മാതൃകാ സേവനകേന്ദ്രങ്ങൾ

16 [1592] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ നിർദ്ദേശപ്രകാരം സേവനപ്രദാന പരിപാടിയിൽ ഉൾപ്പെടുത്തി എത്ര സർക്കാർ സ്ഥാപനങ്ങളെ മാതൃകാ സേവന കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) മാതൃകാ സേവനകേന്ദ്രങ്ങളിൽ ഉൾപ്പെടാത്ത സർക്കാർ സ്ഥാപന ങ്ങളിലെ പ്രവർത്തനം നിലവാരമില്ലാത്തതായി തീരാൻ സാദ്ധ്യത ഉണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രവർത്തനത്തെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുമായും ബഹുജന സംഘടനകളുമായും ചർച്ച നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സേവനപ്രദാന പരിപാടി ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ നിർദ്ദേശമല്ല മറിച്ച് സർക്കാരിൽ നിന്നും ജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് ലഭിക്കുന്ന സേവനത്തിന്റെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് പൂർണ്ണ മായും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന ഒരു പദ്ധതിയാണ്. 14-5-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്സ്.) നമ്പർ 98/04/പൊ.ഭ.വ. പ്രകാരം വിവിധ വിഭാഗങ്ങളിലായി 2605 സ്ഥാപനങ്ങളെ പരിപാടിയുടെ ആദ്യഘട്ടത്തി ലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി)

സ്ഥാപനം	എണ്ണം
സെക്രട്ടേറിയറ്റ്	..
ജില്ലാ കളക്ട്രേറ്റുകൾ	14
ജില്ലാ ആശുപത്രികൾ	4
താലൂക്ക് ആശുപത്രികൾ	14
പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ	99
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	17
താലൂക്ക് ഓഫീസുകൾ	63
വില്ലേജ് ഓഫീസുകൾ	506
സബ് രജിസ്ട്രാർ ഓഫീസുകൾ	69
സർക്കാർ വി.എച്ച്.എസ്. സ്കൂൾ	28

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം	എണ്ണം
സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ	56
സർക്കാർ ഹൈസ്കൂളുകൾ	56
സർക്കാർ യു.പി.എസ്.	56
സർക്കാർ എൽ.പി.എസ്.	224
ഗ്രാമപഞ്ചായത്തുകൾ	103
മുനിസിപ്പാലിറ്റികൾ	14
മുനിസിപ്പൽ കോർപ്പറേഷനുകൾ	5
താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകൾ	69
പോലീസ് സ്റ്റേഷനുകൾ	57
വൃദ്ധസദനങ്ങൾ	14
സാമൂഹ്യക്ഷേമ വകുപ്പിൻകീഴിലെ മറ്റ് ക്ഷേമസ്ഥാപനങ്ങൾ	34
അംഗൻവാടികൾ	1102

ഉത്തരവിന്റെ പൂർണ്ണരൂപം സർക്കാർ നവീകരണ പരിപാടിയുടെ ജാലികയായ (website) www.keralamgp.org-ൽ ലഭ്യമാണ്.

(സി) ഇല്ല. ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളെയും സേവനനിലവാരം ഉയർത്തുന്നതിനുള്ള ഈ പരിപാടിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്കുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ചർച്ചകളും ശിൽപ്പശാലകളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനങ്ങളുമായും ജനപ്രതിനിധികളുമായും വ്യാപകമായ ചർച്ചകൾ നടത്തുന്നതാണ്.

വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥ പുനർവിന്യാസം

17 [1593] ശ്രീ. മാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥ പുനർവിന്യാസം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) വിവിധ വകുപ്പുകളിലെ ഏതു തസ്തികകളിലുള്ള എത്ര ഉദ്യോഗസ്ഥരെയാണ് പുനർവിന്യസിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തുന്നതിനായി വിവിധ വകുപ്പുകൾ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly